## MV Act 1988 Part 2

● മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവർമാരുടെ ലൈസൻസിംഗിനെ കുറിച്ച് പ്രതിപാദിക്കുന്ന മോട്ടോർ വാഹന നിയമത്തിലെ അദ്ധ്യായം - അദ്ധ്യായം II

● മതിയായ ലൈസൻസ് കൈവശം ഇല്ലാത്ത ഒരു വ്യക്തിയും മോട്ടോർ വാഹനങ്ങൾ ഓടിക്കുവാൻ പാടില്ല എന്ന് പ്രതിപാദിക്കുന്ന വകുപ്പ് - സെക്ഷൻ 3

● 18 വയസ്സ് പൂർത്തിയാവാത്ത ആരും തന്നെ പൊതുനിരത്തിൽ മോട്ടോർ വാഹനം ഓടിക്കാൻ പാടില്ല നിഷ്കർഷിക്കുന്ന വകുപ്പ് - സെക്ഷൻ 4

> 16 വയസ്സ് പൂർത്തിയായ ഒരു വ്യക്തിക്ക് ആവശ്യമെങ്കിൽ 50CC (Cubic Capacity) യിൽ കുറവായ മോട്ടോർ സൈക്കിൾ പൊതു നിരത്തിൽ ഓടിക്കാം.

> വകുപ്പ് 4 (2) പ്രകാരം 20 വയസ്സ് പൂർത്തിയാകാത്ത ആരും തന്നെ പൊതു സ്ഥലത്ത് ട്രാൻസ്പോർട്ട് വാഹനം ഓടിക്കാൻ പാടില്ല.

> LMV (Light Motor Vehicle) ലൈസൻസ് കരസ്ഥമാക്കി 1 വർഷം പ്രവർത്തി പരിചയം ഉള്ള വ്യക്തിക്ക് മാത്രമേ ട്രാൻസ്പോർട്ട് വാഹന ലൈസൻസ് നേടുവാനുള്ള അപേക്ഷ നൽകാൻ സാധിക്കൂ

● ഒരു മോട്ടോർ വാഹനത്തിൻ്റെ ഉടമ, അല്ലെ ങ്കിൽ ചുമതലയുള്ള വ്യക്തി സെക്ഷൻ 3, സെക്ഷൻ 4 (ലൈസൻസ് ഇല്ലാത്തതും, പ്രായപൂർത്തിയാവാത്തതുമായ) എന്നിവ യിൽ പറയുന്ന വ്യവസ്ഥകൾ പാലിക്കാത്ത വ്യക്തികൾക്ക്

Ablearns

വാഹനം ഓടിക്കുവാൻ നൽകരുത് എന്ന് നിഷ്കർഷിക്കുന്ന വകുപ്പ് - സെക്ഷൻ 5

● ഡ്രൈവിംഗ് ലൈസൻസ് കൈവശം വയ്ക്കുന്നതിനുള്ള നിയന്ത്രണങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന വകുപ്പ് - സെക്ഷൻ 6

ഈ വകുപ്പ് പ്രകാരം ഒരു വ്യക്തി താൽക്കാലിക ഡ്രൈവിംഗ് ലൈസൻസ് കൈവശം വെച്ചിരിക്കുമ്പോൾ (ലേണേഴ്സ് ലൈസൻസ്)

>സെക്ഷൻ 18 ലെ വ്യവസ്ഥകൾക്കനുസൃതമായി നൽകിയിട്ടുള്ള ഡ്രൈവിംഗ് ലൈസൻസ് ,സെക്ഷൻ 139 പ്രകാരം ഉണ്ടാക്കിയ നിയമങ്ങളിലൂടെ അധികാരപ്പെടുത്തുന്ന രേഖയോ ഒഴികെ മറ്റൊരു ഡ്രൈവിംഗ് ലൈസൻസും കൈവശം വയ്ക്കാൻ പാടില്ല.

>സെക്ഷൻ 6(2) പ്രകാരം ഡ്രൈവിംഗ് ലൈസൻസോ ലേണേഴ്സ് ലൈസൻസോ ഉള്ള വ്യക്തി, അത് മറ്റൊരു വ്യക്തിക്ക് ഉപയോഗിക്കാൻ നൽകരുത്.

● ലൈസൻസിന്റെ മാതൃകയും ഉള്ളടക്കത്തെയും പറ്റി നിഷ്കർഷിക്കുന്ന വകുപ്പ് - സെക്ഷൻ 10

>ഈ വകുപ്പ് പ്രകാരം ലേണേഴ്സ് ലൈസൻ സിലും, ഡ്രൈവിംഗ് ലൈസൻസിലും കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന വിവര ങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. (സെക്ഷൻ 18 പ്രകാരം അനുവദിക്കുന്ന ഡ്രൈവിംഗ് ലൈസൻസ് ഒഴികെ).

>ഒരു ലേണേഴ്സ് ലൈസൻസ് അല്ലെങ്കിൽ ഡ്രൈവിംഗ് ലൈസൻസിൽ ഇനി പറയുന്ന ഒന്നോ അതിൽ അധികമോ

Ablearns

ക്ലാസ് മോട്ടോർ വാഹനം ഓടിക്കുന്നതിനായി ഉടമയ്ക്ക് അവകാശം നൽകുന്നതായി കാണിക്കേണ്ടതാണ്.

(a) Motorcycle without gear

(b) Motorcycle with gear

(c) Adapted vehicle (Invalid Carriage)

(d) Light motor vehicle

(e) Transport vehicle

(f) Road roller

(g) Motor vehicle of a specified description

● ഡ്രൈവിംഗ് ലൈസൻസ് കാലാവധികളെ പറ്റി പ്രതിപാദിക്കുന്ന വകുപ്പ് - സെക്ഷൻ 14

> ലേണേഴ്സ് ലൈസൻസ് കാലാവധി - 6 മാസം

> ട്രാൻസ്പോർട്ട് ലൈസൻസ് - 5 വർഷം

> ഹസാർഡ് ഗുഡ്സ് ലൈസൻസ് - 3 വർഷം

**സ്വകാര്യ ഡ്രൈവിംഗ് ലൈസൻസ് കാലാവധി :**

> അപേക്ഷകന്റെ പ്രായം 30 വയസ്സിൽ താഴെ ആണെങ്കിൽ വാഹനം ഓടിക്കാനുള്ള ലൈസൻസിന്റെ കാലാവധി 40 വയസ്സ് വരെ ആയിരിക്കും.

> ഇഷ്യൂ അല്ലെങ്കിൽ പുതുക്കൽ തീയതിയിൽ അപേക്ഷകന്റെ പ്രായം 30 വയസ്സിനും 50 വയസ്സിനും ഇടയിലാണെങ്കിൽ ലൈസൻസിന്റെ കാലാവധി 10 വർഷ ത്തേക്ക് ആയിരിക്കും.

Ablearns

> ഇഷ്യൂ അല്ലെങ്കിൽ പുതുക്കൽ തീയതി യിൽ അപേക്ഷകൻ്റെ പ്രായം 50 ഉം 55 നും ഇടയിൽ ആണെങ്കിൽ ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി 60 വയസ്സ് തികയുന്ന തീയതി വരെ ആയിരിക്കും.

> ഇഷ്യൂ അല്ലെങ്കിൽ പുതുക്കൽ തീയതി യിൽ അപേക്ഷകൻ്റെ പ്രായം 55 വയസ്സിന് ഡ്രൈവിംഗ് മുകളിലാണെങ്കിൽ ലൈസൻസിൻ്റെ കാലാവധി 5 വർഷ ത്തേക്ക് ആയിരിക്കും.

- ലൈസൻസിൻ്റെ പുതുക്കലും ആയി ബന്ധപ്പെട്ട വകുപ്പ് - സെക്ഷൻ 15

> ലൈസൻസിൻ്റെ കാലാവധി തീരുന്നതിന് ഒരു വർഷം മുൻപ് അല്ലെങ്കിൽ കാലാവധി തീരുന്നതിന് ഒരു വർഷത്തിനകമോ ഡ്രൈവിംഗ് ലൈസൻസ് പുതുക്കാവുന്നതാണ്.

> ഡ്രൈവിംഗ് ലൈസൻസ് കാലാവധി കഴിഞ്ഞ് 1 വർഷത്തിന് ശേഷം ഡ്രൈ വിംഗ് ലൈസൻസ് പുതുക്കാൻ ഡ്രൈ വിംഗ് ടെസ്റ്റിൽ പങ്കെടുക്കേണ്ടി വരും

- കേന്ദ്രസർക്കാരിൻ്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള വാഹനങ്ങൾ ഓടിക്കുവാനുള്ള ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട വകുപ്പ് - സെക്ഷൻ 18

> സർക്കാർ, പ്രതിരോധ ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കാൻ കഴിയുന്ന വാഹനങ്ങൾ ഓടിക്കുന്നതിനുള്ള

Ablearns

ലൈസൻസ് കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന അതോരിറ്റിക്ക് നൽകാം.

> 18 വയസ്സ് പൂർത്തിയായ സർക്കാർ ഉദ്യോഗസ്ഥർക്ക് ഇന്ത്യയൊട്ടാകെ സാധ്യതയുള്ള ലൈസൻസ് കേന്ദ്ര ഗവൺമെൻ്റ് നിർദ്ദേശിക്കുന്ന അതോരിറ്റിക്ക് നൽകാം.

> ഡ്രൈവിംഗ് ലൈസൻസിൽ പ്രതിപാദിച്ചിട്ടുള്ള CLASS വാഹനം മാത്രമേ ഉപയോഗിക്കാൻ അനുവാദമുള്ളൂ, കാലയളവും പ്രതിപാദിച്ചിരിക്കും.

- ഡ്രൈവിംഗ് ലൈസൻസ് അയോഗ്യത കൽപ്പിക്കാനുള്ള കോടതിയുടെ അധികാരം വ്യക്തമാക്കുന്ന വകുപ്പ് - സെക്ഷൻ 20

> ഈ നിയമത്തിന് കീഴിൽ (മോട്ടോർ വാഹന നിയമം) വരുന്ന ഒരു കുറ്റം ചെയ്ത വ്യക്തിയെ കോടതി ശിക്ഷിക്കുന്നതിന് പുറമേ കോടതി പറയുന്ന സമയത്തേക്ക് അയാളുടെ ലൈസൻസ് അയോഗ്യത കൽപ്പിക്കാവുന്നതാണ്.

- മുൻപ് ശിക്ഷിക്കപ്പെട്ട വ്യക്തിയുടെ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട വകുപ്പ് - സെക്ഷൻ 21

> Section 184 പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റത്തിന് മുമ്പ് ശിക്ഷിക്കപ്പെട്ട ഒരു വ്യക്തിയുമായി ബന്ധപ്പെട്ട് ഒന്നിലധികം ആൾക്കാരുടെ മരണമോ, ഗുരുതര പരിക്കിനോ കാരണമാകുന്ന പക്ഷം പോലീസ് ഓഫീസർ കേസ് രജിസ്റ്റർ ചെയ്താൽ DL സസ്പെൻസ് ചെയ്യും.

Ablearns

- അപകടപരമായ വിധം വാഹനം ഓടിക്കലുമായി ബന്ധപ്പെട്ട വകുപ്പ് - സെക്ഷൻ 184
- അയോഗ്യതാ ഉത്തരവിൻ്റെ പ്രഖ്യാപനവുമായി ബന്ധപ്പെട്ട വകുപ്പ് - സെക്ഷൻ 23

>ഈ നിയമത്തിന് കീഴിൽ ലൈസൻസ് കൈവശം വയ്ക്കുന്നതിനോ അയോഗ്യത പ്രഖ്യാപിക്കപ്പെട്ടാൽ അത്തരം ഉത്തരവ് ഇറങ്ങുന്ന അന്നു മുതലോ അയോഗ്യത നിലവിൽ വരും.

Ablearns